REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 02-05-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ രാജ്യത്തിന് സമർപ്പിക്കും.**
- **ആഗോള മാധ്യമ വിനോദ മേഖലകളിൽ രാജ്യത്തിന്റെ സുപ്രധാന ഇടപെടലുമായി വേവ്സ് ഉച്ചകോടിക്ക് മുംബൈയിൽ തുടക്കമായി.**
- **വോട്ടർപട്ടികയുടെ കൃത്യത ഉറപ്പാക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ പുതിയ നടപടികൾക്ക് തുടക്കമിട്ടു.**
- **കന്നുകാലികളിലെ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പിന്റെ ആറാം ഘട്ടത്തിന് ഇന്ന് തുടക്കമാകും.**
- **2023 ലെ മേജർ ധ്യാൻചന്ദ് ഖേൽരത്ന പുരസ്കാരങ്ങൾ കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ ഡൽഹിയിൽ സമ്മാനിച്ചു.**

## വാർത്തകൾ വിശദമായി

കേരളത്തിന്റെ വികസനക്കുതിപ്പിന് കരുത്ത് പകരുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ രാജ്യത്തിന് സമർപ്പിക്കും. രാജ്യത്തെ ആദ്യ സെമി ഓട്ടോമേറ്റഡ് തുറമുഖമായ വിഴിഞ്ഞം 30 വർഷത്തോളം നീണ്ട കാത്തിരിപ്പിന് ശേഷമാണ് യാഥാർത്ഥ്യമാകുന്നത്. ഉദ്ഘാടന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ, കേന്ദ്ര സഹ മന്ത്രിമാരായ സുരേഷ് ഗോപി, ജോർജ് കുര്യൻ, തുടങ്ങിയവരടക്കം പ്രമുഖർ പങ്കെടുക്കും.

തിരുവനന്തപുരം പ്രതിനിധി രെജു കോലിയക്കോടിന്റെ റിപ്പോർട്ട്.

.......വോയ്സ്....

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ എല്ലാം പൂർത്തിയായിക്കഴിഞ്ഞു. വിഴിഞ്ഞം തുറമുഖം നാടിനു സമർപ്പിക്കുന്നതിനായി പ്രധാന മന്ത്രി നരേന്ദ്ര മോദി ഇന്നലെ 7.45 ഓടെ തിരുവനന്തപുരത്ത് എത്തിയിരുന്നു. ഇന്ന് രാവിലെ 10.15 ഓടെ വിഴിഞ്ഞത്ത് എത്തുന്ന പ്രധാനമന്ത്രി വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ വീക്ഷിച്ച ശേഷമാകും ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കുക. കൂറ്റൻ മദർഷിപ്പായ സെലസ്റ്റിനോ മരേസ്ക പ്രധാനമന്ത്രിയെ ഇന്ന് വരവേൽക്കും.

സിറ്റി പൊലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ കനത്ത സുരക്ഷാ ക്രമീകരണങ്ങളാണ് ഇന്ന് വിഴിഞ്ഞത്ത് ഒരുക്കിയിരിക്കുന്നത്. 4200 ഓളം പോലീസുകാരെ സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുണ്ട്. കടലിൽ കോസ്റ്റൽ ഗാർഡിന്റെ നേതൃത്വത്തിൽ കപ്പലുകളിൽ സുരക്ഷയൊരുക്കിയിട്ടുണ്ട്. കൂടാതെ വ്യോമസേനയുടെ പ്രത്യേക വിമാനങ്ങളും ഹെലികോപ്റ്ററുകളും സുരക്ഷയ്ക്കായി വിന്യസിച്ചിട്ടുണ്ട്.

പൊതുജനങ്ങൾക്ക് ചടങ്ങ് വീക്ഷിക്കുന്നതിന് ഉദ്ഘാടന വേദിയ്ക്ക് ഇരു വശത്തുമായി പവലിയനുകളും സജ്ജമാക്കിയിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിൽ ഇന്നലെ ആരംഭിച്ച ഗതാഗതാ നിയന്ത്രണം ഇന്ന് ഉച്ചയ്ക്ക് 2 മണി വരെ തുടരും.

വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യ ഘട്ടമാണ് ഇപ്പോൾ പൂർത്തീകരിച്ചിരിക്കുന്നത്. മൂന്ന് മാസത്തോളം നീണ്ട നിന്ന ട്രയൽ റണ്ണിൽ തന്നെ വാണിജ്യാടിസ്ഥാനത്തിൽ തുറമുഖം പ്രവർത്തനം തുടങ്ങിയിരുന്നു.

5.36 ലക്ഷം ടി ഇ യു വിഴിഞ്ഞം തുറമുഖം ഇത് വരെ കൈകാര്യം ചെയ്തു കഴിഞ്ഞു. 263 കപ്പലുകൾ വിഴിഞ്ഞത്ത് നങ്കൂരമിട്ടു. 2028 ൽ മറ്റ് മൂന്ന് ഘട്ടങ്ങളും കൂടി പൂർത്തീകരിക്കുന്നതോടെ വിഴിഞ്ഞം തുറമുഖം പൂർണ തോതിൽ പ്രവർത്തന സജ്ജമാകും. എല്ലാ ഘട്ടങ്ങളും പൂർത്തിയാക്കുമ്പോൾ വിഴിഞ്ഞത്തിന്റെ സ്ഥാപിത ശേഷിയായ 30 ലക്ഷം ടി ഇ യു ആകും.

ചരക്ക് നീക്കത്തിനായി റെയിൽ റോഡ് ഗതാഗതം കൂടി സുഗമമാക്കുന്നതോടെ വിഴിഞ്ഞം തുറമുഖം കേരളത്തിന്റെ വികസന സാധ്യതകൾ തുറന്നിടും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ആന്ധ്രാപ്രദേശിലെ അമരാവതിയിൽ 58,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് വൈകിട്ട് തുടക്കമിടും. പൂർത്തീകരിച്ച ഏതാനും പദ്ധതികൾ അദ്ദേഹം നാടിന് സമർപ്പിക്കും. ആന്ധ്രയിലെ ഗ്രീൻ ഫീൽഡ് തലസ്ഥാന നഗരമായ അമരാവതിയിൽ കോർ ക്യാപ്പിറ്റൽ സൗകര്യങ്ങളുടെ നിർമ്മാണവും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും. ലോകോത്തര അടിസ്ഥാനസൗകര്യങ്ങളും കണക്റ്റിവിറ്റിയും ഉറപ്പാക്കുന്ന ഏഴ് ദേശീയ പാതാ പദ്ധതികളും അദ്ദേഹം ഉദ്ഘാടനം ചെയ്യും. ഇതുകൂടാതെ 11,240 കോടി രൂപാ ചെലവിൽ നിർമ്മിക്കുന്ന നിയമസഭ, സെക്രട്ടറിയേറ്റ്, ഹൈക്കോടതി, മറ്റ് ഭരണ സമുച്ചയങ്ങൾ എന്നിവയ്ക്കും പ്രധാനമന്ത്രി തറക്കല്ലിടും.

✪✪✪

ആഗോള മാധ്യമ വിനോദ മേഖലകളിൽ രാജ്യത്തിന്റെ സുപ്രധാന ഇടപെടലുമായി വേവ്സ് ഉച്ചകോടി 2025 നു മുംബൈയിലെ ജിയോ വേൾഡ് കൺവെൻഷൻ സെന്ററിൽ തുടക്കമായി. വിദേശകാര്യ മന്ത്രാലയത്തിന്റെ സഹകരണത്തോടെ വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയമാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്. നാല് ദിവസത്തെ ഉച്ചകോടി പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു.

ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക, അമേരിക്ക എന്നിവയടക്കം അറുപതിലേറെ രാജ്യങ്ങളിലെ പ്രതിനിധികൾ വേവ്സിൽ പങ്കെടുക്കുന്നുണ്ട്. ആഗോള മാധ്യമ മേഖലയിലെ സഹകരണം മികച്ച മാതൃകകളുടെ പ്രോത്സാഹനം, നയരൂപീകരണം, ശേഷി കൈമാറ്റത്തിന്റേയും വികസനത്തിന്റേയും മാർഗങ്ങളിലെ ഗവേഷണം തുടങ്ങിയവയാണ് ഉച്ചകോടി ലക്ഷ്യമിടുന്നത്.

മാധ്യമ-വിനോദ മേഖലയിലെ ഭാവിയിലെ ഇടപെടലിന് അടിത്തറ പാകുന്ന വേവ്സ് പ്രഖ്യാപനം ഉച്ചകോടിയുടെ സവിശേഷതയായിരിക്കും. ലോകത്തെ രൂപപ്പെടുത്തുന്നതിൽ മാധ്യമങ്ങളുടെ പങ്കിൽ കേന്ദ്ര സ്ഥാനത്ത് ഇന്ത്യയെ പ്രതിഷ്ഠിക്കുന്നതിന് വേവ്സ് 2025 സഹായകമാകും എന്നാണ് വിലയിരുത്തൽ.

വേവ്സിൽ പങ്കെടുക്കുന്ന ആകാശവാണി പ്രോഗ്രാം വിഭാഗത്തിലെ ഫഹദ് റാസയുടെ റിപ്പോർട്ട്.

..........വോയ്സ്.........

✪✪✪

വോട്ടർപട്ടികയുടെ കൃത്യത ഉറപ്പാക്കാനും പൗരന്മാർക്ക് വോട്ടെടുപ്പ് പ്രക്രിയ സുഗമമാക്കാനും തെരഞ്ഞെടുപ്പ് കമ്മീഷൻ പുതിയ നടപടികൾക്ക് തുടക്കമിട്ടു.

മരണ രജിസ്ട്രേഷൻ വിവരങ്ങൾ ഇതനുസരിച്ച് രജിസ്ട്രാർ ജനറലിൽ നിന്ന് കമ്മീഷന് നേരിട്ട് ലഭ്യമാക്കും. ഇതോടെ, വോട്ടർപ്പട്ടികയിൽ നിന്ന് മരണപ്പെട്ടവരെ ഒഴിവാക്കുന്ന പ്രക്രിയ കൂടുതൽ എളുപ്പമാകും. ബൂത്ത് ലെവൽ ഓഫീസർമാർക്ക് മരണ വിവരങ്ങൾ നേരിലെത്തി സ്ഥിരീകരിക്കാനും ഇതോടെ സാധ്യമാകും.

✪✪✪

ഡോക്ടർമാർ മരുന്ന് കുറിപ്പിൽ ജനറിക് പേരുകൾ മാത്രമേ രേഖപ്പെടുത്താവൂ എന്ന് സുപ്രീംകോടതി നിർദേശിച്ചു. മരുന്നുകളുടെ ബ്രാന്റ് പേരുകൾ കുറിപ്പിൽ പാടില്ല. രാജസ്ഥാൻ ഗവൺമെന്റ് ഏർപ്പെടുത്തിയ ഈ നിബന്ധന രാജ്യവ്യാപകമാക്കിയാൽ അധാർമ്മികമായ വിപണന തന്ത്രങ്ങൾ ഇല്ലാതാക്കാനും വലിയമാറ്റത്തിന് തുടക്കമിടാനും കഴിയുമെന്ന് സുപ്രീം കോടതി മൂന്നംഗ ബഞ്ച് വിലയിരുത്തി.

✪✪✪

കർഷക സംഘടനകളുമായി ഞായറാഴ്ച നടത്താനിരുന്ന യോഗം കേന്ദ്ര ഗവൺമെന്റ് റദ്ദാക്കി. ചർച്ചയിൽ നിന്ന് പഞ്ചാബ് ഗവൺമെന്റിനെ ഒഴിവാക്കണമെന്ന കിസാൻ മസ്ദൂർ മോർച്ചയും സംയുക്ത കിസാർ മോർച്ചയുമടക്കം സംഘടനകൾ കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാന് കത്ത് നൽകിയതിനെ തുടർന്നാണ് നടപടി.

✪✪✪

മുൻ കേന്ദ്രമന്ത്രിയും രാജസ്ഥാനിലെ മുതിർന്ന കോൺഗ്രസ് നേതാവുമായ ഗിരിജ വ്യാസ് അന്തരിച്ചു. പൊള്ളലേറ്റ് ചികിത്സയിലിരിക്കെയാണ് 78 കാരിയായ അവരുടെ മരണം.

ദേശീയ വനിതാ കമീഷൻ ചെയർ പേഴ്സണായിരുന്ന ഗിരിജ വ്യാസ് രണ്ട് തവണ കേന്ദ്രമന്ത്രിയും, മൂന്നു തവണ ലോക്സഭാംഗമായിരുന്നു.

✪✪✪

ഇന്ത്യ-പാകിസ്ഥാൻ സംഘർഷം വർദ്ധിക്കുന്നതിൽ ആശങ്കയുണ്ടെന്ന് UN സുരക്ഷാ കൗൺസിൽ പ്രസിഡന്റ് ഇവാഞ്ചലോസ് സെക്കറിസ് പറഞ്ഞു. ഐക്യരാഷ്ട്രസഭയിലെ ഗ്രീസിന്റെ സ്ഥിരം പ്രതിനിധിയായ സെക്കറിസ്, റൂളിംഗ് കൗൺസിൽ പ്രസിഡന്റ് സ്ഥാനം ഏറ്റെടുത്ത ശേഷം മാധ്യമങ്ങളോട്

സംസാരിക്കവെയാണ് ഇക്കാര്യം അറിയിച്ചത്. വിഷയം സുരക്ഷാ സമിതിയിൽ ചർച്ച ചെയ്യുന്നതിന് സാധ്യത പരിശോധിക്കണമെന്നും സെക്കറിസ് അഭിപ്രായപ്പെട്ടു.

✪✪✪

ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കന്നുകാലികളിലെ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പിന്റെ ആറാം ഘട്ടത്തിന് ഇന്ന് തുടക്കമാകും. കോഴിക്കോട് ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ മന്ത്രി J. ചിഞ്ചുറാണി പരിപാടി ഉദ്ഘാടനം ചെയ്യും. തുടർന്ന് കർഷകർക്കായി കുളമ്പുരോഗ പ്രതിരോധം വിഷയമാക്കി സെമിനാറും സംഘടിപ്പിക്കും.

✪✪✪

പുതിയ സാമ്പത്തിക വർഷത്തെ ക്ഷീര കർഷക ക്ഷേമ പദ്ധതി ആസൂത്രണ മാർഗരേഖ പ്രകാശനവും അന്താരാഷ്ട്ര സഹകരണവർഷാചരണവും രാവിലെ കോഴിക്കോട്ട് മന്ത്രി J. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യും.

✪✪✪

തൃശൂർ നഗരത്തിൽ ആറ് മാസത്തിനകം ലൈറ്റ് ഫോർ നൈറ്റ് ലൈഫ് പദ്ധതി പൂർത്തിയാകും. ഇതിന്റെ ഭാഗമായി 50,000 LED വിളക്കുകൾ സ്ഥാപിച്ച ആദ്യ നഗരമായി തൃശൂർ മാറുമെന്ന് മന്ത്രി K രാജൻ അറിയിച്ചു. പദ്ധതി നിർമ്മാണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തൃശൂർ കോർപ്പറേഷൻ അങ്കണത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ മേയർ MK വർഗീസ് അധ്യക്ഷനായിരുന്നു.

✪✪✪

2023 ലെ മേജർ ധ്യാൻചന്ദ് ഖേൽരത്ന പുരസ്കാരങ്ങൾ ബാഡ്മിന്റൺ താരങ്ങളായ ചിരാഗ് ഷെട്ടിക്കും, സാത്വിക് സായ്രാജ് റെങ്കി റെഡ്ഡിക്കും കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ ഡൽഹിയിൽ സമ്മാനിച്ചു. കളിക്കളത്തിലെ അസാമാന്യ പ്രകടനത്തിനും അർപ്പണ ബോധത്തിനും നൽകുന്ന പുരസ്കാരമാണിതെന്ന് ഡോ. മാണ്ഡവ്യ പറഞ്ഞു.

✪✪✪

കണ്ണൂർ പ്രസ് ക്ലബ്ബിന്റെ ആറാമത് സംസ്ഥാന ജേർണലിസ്റ്റ് വോളിബോൾ ടൂർണമെന്റ് ഇന്ന് കണ്ണൂർ ജവഹർ സ്റ്റേഡിയത്തിൽ ആരംഭിക്കും. വൈകിട്ട് മന്ത്രി V.അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്യും.

ആകാശവാണി ജില്ലാ പ്രതിനിധി KO.ശശിധരന്റെ റിപ്പോർട്ട്.

.....വോയ്സ്.........

ലഹരിക്കെതിരെ കൈകോർക്കാം എന്ന സന്ദേശ മുയർത്തിയാണ് ഇത്തവണ വോളിബോൾ മത്സരം നടക്കുന്നത്. കേരളത്തിലെ വിവിധ ജില്ലകളെ പ്രതിനിധീകരിച്ച് മാധ്യമ പ്രവർത്തകർ മത്സരത്തിനിറങ്ങും. ഇന്ന് വൈകുന്നേരം കണ്ണൂർ പ്രസ് ക്ലബ്ബും മലപ്പുറം പ്രസ്ക്ലബ്ബും തമ്മിലാണ് മത്സരം.വിവിധ യുവജന സംഘടനകളുടെ നേതാക്കളും മുൻ ഇന്ത്യൻ ക്യാപ്റ്റൻ കെ.വി.ധനേഷിന്റെ നേതൃത്വത്തിലുള് ടീമും തമ്മിലുള്ള സൗഹൃദ മത്സരവുമുണ്ടാകും. കഴിഞ്ഞ ദിവസം നടന്ന ഓഫീഷ്യൽ ടൂർണമെന്റിൽ ഫൈനലിലെത്തിയ  വനം വകുപ്പും കണ്ണൂർ സെൻട്രൽ ജെയിലും ഇന്ന് ഏറ്റുമുട്ടും. വോളിബോളിന്റെ പ്രചരണാർത്ഥം നടന്ന പ്രദർശന മത്സരത്തിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നയിച്ച ടീമിനായിരുന്നു വിജയം.ഈ മാസം നാലുവരെയാണ് ജേർണലിസ്റ്റ് വോളിബോൾ ടൂർണ്ണമെന്റ്

✪✪✪

IPL ട്വന്റി-20 ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ് രാജസ്ഥാൻ റോയൽസിനെ തോൽപ്പിച്ചു. ജയ്പൂരിലെ സവായ് മാൻസിംഗ് സ്റ്റേഡിയത്തിൽ 100 റൺസിനാണ് മുംബൈയുടെ ജയം.

ഇന്ന് ഗുജറാത്ത് ടൈറ്റൻസ് സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

കുടുംബശ്രീ മിഷൻ സംഘടിപ്പിക്കുന്ന ദേശീയ സരസ് മേളയ്ക്ക് കോഴിക്കോട് ബീച്ചിൽ ഇന്ന് തുടക്കമാകും.  കുടുംബശ്രീ സംരംഭകരുടെ പ്രവർത്തനങ്ങളും ഉൽപന്നങ്ങളും ജനങ്ങൾക്ക് അടുത്തറിയാൻ മേള അവസരമൊരുക്കും.

ബീച്ച് ഫ്രീഡം സ്ക്വയറിൽ 50 ഫുഡ് സ്റ്റാളുകളും ഡൈനിങ് ഏരിയയും ഉൾപ്പെടെ 20,000 അടിയിലേറെ വിസ്തൃതിയിൽ ഒരുക്കിയ ശീതികരിച്ച പന്തലിലാണ് ഇതിന്റെ ഭാഗമായ ഭക്ഷ്യമേള നടത്തുന്നത്. 15 ഓളം ഇതര സംസ്ഥാന  ഫുഡ് സ്റ്റാളുകളും മേളയിലുണ്ടായിരിക്കും.

✪✪✪

കോഴിക്കോട് DCC മുൻകാല കോൺഗ്രസ് നേതാക്കൾക്ക് ആദരം അർപ്പിക്കുന്ന പരിപാടി വൈകിട്ട് സംഘടിപ്പിക്കും. ഉമ്മൻ ചാണ്ടി ഓഡിറ്റോറിയത്തിലെ പരിപാടിയിൽ UDF കൺവീനർ MM ഹസൻ, KPCC മുൻ പ്രസിഡന്റ് K. മുരളീധരൻ, മുൻ മന്ത്രി KC ജോസഫ് തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

കേരളത്തേയും തമിഴ്നാടിനേയും കൂടുതൽ ബന്ധിപ്പിക്കുന്ന തേവാരം - തേവാരം മെട്ട് റോഡിനായി ഇരു സംസ്ഥാനത്തേയും ജനപ്രതിനിധികൾ അതിർത്തിയിൽ ഒന്നിച്ചു. തേവാരംമെട്ടിലേക്ക് തേനി MP തങ്ക തമിഴ് ശെൽവത്തിന്റെ നേതൃത്വത്തിൽ കാൽനടയായി എത്തിയ സംഘത്തെ ഇടുക്കി MP ഡീൻ കുര്യാക്കോസും ഉടുമ്പുംചോല MLA, MM മണിയും ചേർന്ന് സ്വീകരിച്ചു.

✪✪✪

ആശാപ്രവർത്തകർ സെക്രട്ടറിയേറ്റിന് മുന്നിൽ നടത്തുന്ന രാപ്പകൽ സമരം 82-ാം ദിവസത്തിലേക്ക് കടന്നു. ഫെബ്രുവരി 10-നാണ് ആശാപ്രവർത്തകരുടെ സമരം ആരംഭിച്ചത്.

✪✪✪

*News Editor വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*News Team:, നിമിഷ ജി*
*DEO: സി കെ സുബോധ്*